**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1461** **10-10-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ ഭൂമി ഗ്രാമപഞ്ചായത്തുകൾക്കും സ്വകാര്യ വ്യക്തികൾക്കും വാണിജ്യാവശ്യത്തിനായി പാട്ടത്തിന് നൽകുന്നത് പരിഗണനയിലുണ്ടോ; | (എ) | **സർക്കാർ ഭൂമി പാട്ടത്തിനായി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക്, ആവശ്യപ്പെടുന്ന സർക്കാർ ഭൂമി ഗവൺമെന്റിനോ പൊതുകാര്യത്തിനോ സമീപഭാവിയിൽ ആവശ്യമില്ലാത്തതാണ് എന്ന് ഉറപ്പ് വരുത്തിക്കൊണ്ട് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പാട്ടത്തിനു അനുവദിച്ചു വരുന്നുണ്ട്.** |
| (ബി) | കൃത്യമായ മാനദണ്ഡങ്ങൾക്കനുസൃതമായി ഇത്തരത്തിൽ ഭൂമി പാട്ടത്തിന് നൽകുന്നതിലൂടെ വരുമാനം ഉയർത്താൻ സാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | സർക്കാർ ഭൂമി പാട്ടത്തിനു അനുവദിച്ചിട്ടുള്ള കേസുകളിൽ മിക്കവയിലും പാട്ടത്തുക കൃത്യമായി അടവാക്കാതെ ഭീമമായ തുകകൾ കുടിശ്ശികയായ് നിലനിൽക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഈ തുകകൾ പിരിച്ചെടുക്കുന്നതിനായ് ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കിയിട്ടു പോലും കുടിശ്ശിക വരുത്തിയിട്ടുള്ള പാട്ടക്കാർ ആയതിലേക്ക് അപേക്ഷ സമർപ്പിക്കുവാനോ കുടിശ്ശിക അടവ് വരുത്തുവാനോ തയ്യാറായിട്ടില്ലാത്തതുമാണ്. കൂടാതെ സർക്കാർ ഭൂമി പാട്ടത്തിന് അനുവദിച്ചിട്ടുള്ള സംഗതികളിൽ പാട്ടക്കാലാവധിക്കു ശേഷവും വ്യവഹാരങ്ങൾ വഴി പാട്ടക്കാർ ഭൂമി കൈവശം വയ്ക്കുന്നത് തുടരുന്ന പ്രവണത വർദ്ധിച്ചുവരുന്നതിനാൽ ഭൂമി പൊതു ആവശ്യങ്ങൾക്കായി പിന്നീട് ഉപയുക്തമാക്കുന്നതിനും തടസം നേരിടുന്നുണ്ട്. അതുകൊണ്ടുതന്നെ ഭൂമി പാട്ടത്തിനു അനുവദിക്കുക വഴി വരുമാന വർദ്ധനവ് വരുത്താനാകും എന്ന് കരുതാനാകില്ല. |

സെക്ഷൻ ഓഫീസർ